(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഭൂരിഭാഗവും റീ-ഇംപേഴ്സ്മെന്റ് അടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്കാണ് കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരിക്കുന്നത്. എല്ലാ വർഷവും ആഗസ്റ്റ് മാസം 31-ാം തീയതിക്ക് മുമ്പായി ഒത്തുനോക്കിയ 'സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ' (SoE) അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തിന്റെ ആളോഹരി ഉപഭോഗം

158 (2396) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആളോഹരി ഉപഭോഗം സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ ഔദ്യോഗിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ സ്ഥാനം ഏതാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

നാഷണൽ സാമ്പിൾ സർവ്വേ ആഫീസ് 2011-12-ൽ നടത്തിയ (68-ാം റൗണ്ട്) ഹൗസ്ഹോൾഡ് കൺസ്യൂമർ എക്സ്പെന്റിച്ചർ സർവ്വേ റിപ്പോർട്ട് (Report No.NSS.KL.(68/1.0)) പ്രകാരം ആളോഹരി ഉപഭോഗം സംബന്ധിച്ച് റൂറൽ മേഖലയിൽ കേരളം (സംസ്ഥാനങ്ങളിൽ) ഒന്നാം സ്ഥാനത്തും അർബൻ മേഖലയിൽ രണ്ടാം സ്ഥാനത്തുമാണ്. ഈ റിപ്പോർട്ട് പ്രകാരം റൂറൽ മേഖലയിലെ ആളോഹരി പ്രതിമാസ ഉപഭോഗച്ചെലവ് (Monthly per capita consumer expenditure) 2669 രൂപയും അർബൻ മേഖലയിൽ ആളോഹരി പ്രതിമാസ ഉപഭോഗച്ചെലവ് 3408 രൂപയുമാണ്.

പെട്രോളിന്റെയും ഡീസലിന്റെയും നികുതി വർദ്ധന

159 (2397) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെട്രോളിന്റെയും ഡീസലിന്റെയും മേൽ ലിറ്ററൊന്നിന് ഇപ്പോൾ എത്ര വീതം നികുതി ചുമത്തി; ഇത്തരത്തിൽ നികുതി വർദ്ധിപ്പിച്ചതിലൂടെ എത്ര അധിക വരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് പെട്രോളിന്റെയും ഡീസലിന്റെയും നികുതി വർദ്ധനവിലൂടെ അന്താരാഷ്ട്ര വിപണിയിലെ എണ്ണ വിലക്കുറവിന്റെ ആനുകൂല്യം ജനങ്ങൾക്ക് ലഭിക്കാതെപോയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് പരിഹരിക്കുമോ?

ഉത്തരം

(എ) 2014 നവംബർ മാസം ഒന്നാം തീയതി എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയുടെയും ഡീസലിന്റെ അടിസ്ഥാന വിലയിൽ 2.25 രൂപയുടേയും കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ പെട്രോളിന്റെ വിൽപ്പന നികുതി നിരക്ക് 27.42 ശതമാനവും ഡീസലിന്റേത് 21.04 ശതമാനവും ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി 19-11-2014 മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനമായും ഡീസലിന്റേത് 22.07 ശതമാനമായും ഉയർത്തിക്കൊണ്ട് പുനഃക്രമീകരിച്ചിട്ടുണ്ട്. ഇപ്രകാരം റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് പുനഃക്രമീകരിച്ചില്ലായിരുന്നുവെങ്കിൽ പെട്രോളിന്റെ നികുതിയിനത്തിൽ പ്രതിമാസം 9.16 കോടി രൂപയുടെയും ഡീസലിൽ നിന്ന് 8.36 കോടി രൂപയുടേയും നികുതി നഷ്ടമുണ്ടാകുമായിരുന്നു.

(ബി) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് (ad valorem) നികുതിയായി നിശ്ചയിക്കുന്നത്. അല്ലാതെ ലിറ്ററിനുമേൽ വില എത്രതന്നെയായാലും ഒരു നിശ്ചിത തുകയായിട്ടല്ല നികുതി ചുമത്തുന്നത്. ഇപ്രകാരം ad valorem അടിസ്ഥാനത്തിൽ നികുതി ചുമത്തുമ്പോൾ അടിസ്ഥാനവില കുറയുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിലും കുറവുണ്ടാകും. അതുപോലെതന്നെ അടിസ്ഥാനവില കൂടുമ്പോൾ ലഭിക്കേണ്ട നികുതിയിൽ വർദ്ധനവുണ്ടാവുകയും ചെയ്യും. എണ്ണക്കമ്പനികൾ/ കേന്ദ്രസർക്കാർ വില കൂട്ടുമ്പോഴും കുറയ്ക്കുമ്പോഴും ഇത്തരം വ്യതിയാനം ഉണ്ടാകുന്നു. വില വർദ്ധനയുടെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ അത് റീട്ടെയിൽ വിലയിലുണ്ടാക്കുന്ന ഭാരം ലഘൂകരിക്കുവാനായി വില വർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്ന് വച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതുപോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതി പിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതിനിരക്ക് ഉയർത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly